(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നാൽ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജോലി സ്ഥിരത, റിട്ടയർമെന്റ് ബെനിഫിറ്റ്, സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും.

മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ

* 359. [385] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ എന്തെല്ലാമാണ് ;

(ബി) മിനിമം വേജസ് ഒരു വ്യവസായ മേഖലയിൽ ഏർപ്പെടുത്തുവാൻ എത്ര തൊഴിലാളികൾ വേണം ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കേരളത്തിൽ മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ താഴെ പറയുന്നവയാണ്:

1. ഏതെങ്കിലും അരിമില്ലിലോ മാവുമില്ലിലോ പരിപ്പുമില്ലിലോ ഉള്ള തൊഴിൽ
2. (ബീഡി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള) ഏതെങ്കിലും പുകയില നിർമ്മാണ ശാലയിലെ തൊഴിൽ
3. ഏതെങ്കിലും കൃഷിത്തോട്ടത്തിലെ അതായത് കശുവണ്ടി, റബ്ബർ, തേയില അല്ലെങ്കിൽ കാപ്പി കൃഷി ചെയ്യേണ്ട ആവശ്യത്തിനായി വച്ചു പോരുന്ന ഏതെങ്കിലും എസ്റ്റേറ്റിലെ തൊഴിൽ
4. ഏതെങ്കിലും എണ്ണ മില്ലിലെ തൊഴിൽ
5. ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ കീഴിലുള്ള തൊഴിൽ
6. റോഡുകൾ നിർമ്മിക്കുകയോ നിലനിർത്തി പോരുകയോ ചെയ്യുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലോ ഉള്ള തൊഴിൽ
7. കല്ലുടയ്ക്കുകയോ കല്ലുപൊടിക്കുകയോ ചെയ്യുന്ന തൊഴിൽ
8. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ടിലുള്ള തൊഴിൽ
9. തോലുറയ്ക്കിടുന്ന ശാലകളിലോ തോൽ നിർമ്മാണ ശാലയിലോ ഉള്ള തൊഴിൽ
10. കയർ നിർമ്മാണത്തിലെ തൊഴിൽ
11. കശുവണ്ടി വ്യവസായത്തിലെ തൊഴിൽ
12. അച്ചടി ശാലയിലെ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

13. ഓടു നിർമ്മാണത്തിലെ തൊഴിൽ
14. കളിമൺ പാത്ര വ്യവസായത്തിലെ തൊഴിൽ
15. തീപ്പെട്ടി വ്യവസായത്തിലെ തൊഴിൽ
16. ഷോപ്പുകളിലെയും സ്ഥാപനങ്ങളിലെയും തൊഴിൽ (ഹോട്ടലുകളും റസ്റ്റോറന്റുകളും ഉൾപ്പെടെ)
17. തടി വ്യവസായത്തിലെ തൊഴിൽ
18. ചുടുകല്ല് നിർമ്മാണശാലയിലെ തൊഴിൽ
19. കൈത്തറി വ്യവസായത്തിലെ തൊഴിൽ
20. പ്ലൈവുഡ് വ്യവസായത്തിലെ തൊഴിൽ
21. ചെറുകിട തുറമുഖങ്ങളിലെ തൊഴിൽ
22. വനങ്ങളിലെ ജോലികൾ സംബന്ധിച്ചുള്ള തൊഴിൽ
23. റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലെ തൊഴിൽ
24. ചെറുകിട എഞ്ചിനീയറിംഗ് വ്യവസായത്തിലെ തൊഴിൽ
25. അണക്കെട്ടുകൾ നിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനുള്ള തൊഴിൽ
26. ഫിഷ് പീലിംഗിലും ക്യാനിംഗിലും, ഫ്രീസിംഗിലും സമുദ്രത്തിൽ നിന്നു ലഭിക്കുന്ന ആഹാര സാധനങ്ങളും തവളകാലുകളും കയറ്റുമതി ചെയ്യുന്നതിനുള്ള തൊഴിൽ
27. വനോൽപ്പന്ന വ്യവസായത്തിലെ തൊഴിൽ
28. ആയുർവ്വേദവും അലോപ്പതിയും മരുന്നുകൾ നിർമ്മിക്കുന്നതിലെ തൊഴിൽ
29. പവ്വർലൂം വ്യവസായത്തിലെ തൊഴിൽ
30. ആനയുടെ സംരക്ഷണം സംബന്ധിച്ച തൊഴിൽ
31. ഫോസ്യാറി ഉൽപ്പാദനം സംബന്ധിച തൊഴിൽ
32. കുടയുടെ നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച തൊഴിൽ
33. ഫോസ്റ്റർ സംബന്ധമായ തൊഴിൽ
34. റബ്ബർ ക്രേപ്പ് മില്ലുകളിലെ തൊഴിൽ
35. കാർഷിക പ്രവർത്തനം സംബന്ധിച്ച തൊഴിൽ
36. കമുകു കയറ്റം, ഡയറി ഫാമിലെ പണി മുതലായവ സംബന്ധിച്ച തൊഴിൽ
37. സഹകാര്യ ആശുപത്രി, ഡിസ്പെൻസറി, ഫാർമസി മുതലായവ സംബന്ധിച്ച തൊഴിൽ

(ബി) ഏറ്റവും കുറഞ്ഞത് 1000 തൊഴിലാളികൾ ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly